പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4771 — 29.06.2012 ൽ മറുപടിയ്ക്ക്

**അനാഥാലയങ്ങളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>'' കെ. മുരളീധരൻ<br>'' ഷാഫി പറമ്പിൽ<br>'' ലൂഡി ലൂയിസ് | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | (എ) | അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി താഴെ കാണുന്ന നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്<br>1. അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ഒരാൾക്ക് 7 കിലോ അരി 3 കിലോ ഗോതമ്പ് ബി.പി.എൽ. നിരക്കിൽ പഞ്ചസാര, ഗോതമ്പ് എന്നിവ ഉൾപ്പെടെ നൽകുന്ന കാര്യത്തിൽ അന്തേവാസികളെ ബി.പി.എൽ. വിഭാഗമായി പരിഗണിക്കുക.<br>2. അനാഥാലയങ്ങൾക്ക് ഗാർഹിക നിരക്കിൽ വെള്ളം നൽകുക, ഗാർഹിക നിരക്കിൽ പാചക വാതകം നൽകുക, അന്തേവാസികൾക്ക് ആരോഗ്യ പരിശോധന എല്ലാ മാസവും നിർബന്ധമാക്കുക, ഡസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക.<br>3. നടപ്പു വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഗ്രാന്റ് വർദ്ധനവ് 01.04.2012 മുതൽ അനുവദിക്കുക, പ്ലസ് വൺ പ്രവേശനത്തിൽ അനാഥാലയങ്ങളിലെ കുട്ടികളെ പ്രത്യേകം പരിഗണിക്കുക, ഓർഫനേജിലെ കുട്ടികളുടെ ഉയർന്ന വിദ്യാഭ്യാസത്തിന് പ്രത്യേകം പരിഗണന നൽകുക.<br>4. ഓർഫനേജ് കൺട്രോൾ ബോർഡിൽ മെമ്പർ സെക്രട്ടറിയുടെ തസ്തിക സൃഷ്ടിക്കുക, ജില്ലാതലത്തിൽ ഓർഫനേജുകളുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിന് ജില്ലാതല കോ-ഓർഡിനേറ്റർമാരേയും കൗൺസിലർമാരെയും ഹോണറേറിയം വ്യവസ്ഥയിൽ നിയമിക്കുക ഓർഫനേജുകളിലെ ജീവനക്കാർക്ക് പരിശീലനം നൽകുക<br>5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ഫണ്ട് മുതലായവ അനാഥാലയങ്ങൾക്കുകൂടി ഉപയോഗിക്കുന്നതിനായി വേണ്ട നിർദ്ദേശം നൽകുക. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നിലവിൽ ഉണ്ടായിരുന്ന ദൂരപരിധി, സ്വന്തം കെട്ടിടം വേണം എന്ന വ്യവസ്ഥകളിൽ നിന്ന് വൃദ്ധ സദനങ്ങൾ, വികലാംഗ സദനങ്ങൾ, സ്ത്രീകളുടെ സംരക്ഷണ കേന്ദ്രങ്ങൾ മുതലായവയ്ക്ക് 5 വർഷക്കാലം ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് റൂൾസിൽ ബോർഡിംഗ് ചാർജ് 500 രൂപ എന്നുള്ളത് 1,500 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉചിതമായ മറ്റു ഭേദഗതികൾ ആവശ്യാനുസരണം നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | ദത്തെടുക്കൽ കേന്ദ്രങ്ങളെയും അനാഥാലയങ്ങളെയും നിരീക്ഷിക്കുന്നകാര്യം പരിഗണിക്കുമോ ; | (സി) | അനാഥാലയങ്ങളുടെ മേൽനോട്ടത്തിനും നിരീക്ഷണത്തിനും വേണ്ടി 15 അംഗ ഓർഫനേജ് കൺട്രോൾ ബോർഡ് നിലവിലുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ജില്ലാ തലത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ദത്തെടുക്കൽ കേന്ദ്രങ്ങളും ഓർഫനേജ് ആക്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള foundling home കൂടിയാണ്. കൂടാതെ അഡോപ്ഷൻ സംബന്ധിച്ച പ്രത്യേക കാര്യങ്ങൾക്കു വേണ്ടി സാമൂഹ്യക്ഷേമ സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള അഡോപ്ഷൻ അഡ്വൈസറികമ്മിറ്റിയും intercountry adoption സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിനു വേണ്ടി ഒരു adoption recommendation committee -യും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ഐ.സി.പി.എസിന് രൂപം നൽകിയിട്ടുണ്ട്. ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി , സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി ഇവ രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യോഗ്യതയും നിലവാരവും പരിശോധിക്കുമോ ? | (ഡി) | ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിലവാരം ഉയർത്തുന്നതിന് പരിശീലനം നല്കുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ